# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732** **07/02/2013 ൽ മറുപടിക്ക്**

**സൗജന്യ ജനറിക് മരുന്നുവിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ | വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ, സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ പദ്ധതിക്കായി അവശ്യ മരുന്നു പട്ടികയിലെ 518 ഇനം മരുന്നുകളിൽ 450 ഇനം മരുന്നുകൾ ഇപ്പോൾ തന്നെ എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് നാമത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ജനറിക് മരുന്നുകൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ആദായനികുതി അടയ്ക്കുന്നവർ ഒഴികെ എ.പി.എൽ, ബി.പി.എൽ ഭേദമന്യേ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഇത്തരം മരുന്നുകൾ ഏതെല്ലാം തരം ആശുപത്രികളിലാണ് നൽകുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും വിതരണം ചെയ്തു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ; | (ഡി) | ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ആവശ്യമായ ധനസഹായം നൽകാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്ന് സപ്ലൈ ചെയ്യുന്നതിനായി ബഡ്ജറ്റിൽ 200 കോടി രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് വേണ്ടി വക കൊള്ളിച്ചിട്ടുണ്ട്. ജനറിക് മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിന്റെ 1% സെസ് ആയി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ജനറിക് മരുന്ന് വിതരണം പരാതികളില്ലാതെ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ